പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1513 — 03.12.2018-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് സഹായ പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ്** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഉണ്ടായ ഓഖി ദുരന്തത്തെ തുടർന്ന് മത്സ്യബന്ധനവകുപ്പിന് ലഭിച്ച വിദേശസഹായം, കേന്ദ്രസഹായം, മറ്റ് സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുക എന്നിവ എത്ര വീതമെന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്തുണ്ടായ ഓഖി ദുരന്തത്തെ തുടർന്ന് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 111.70 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയിനത്തിൽ 108,34,97,138/- രൂപയും ലഭിച്ചിരുന്നു. |
| (ബി) | പ്രളയകാലത്ത് ജനങ്ങളുടെ ജീവൻ രക്ഷിച്ച മത്സ്യത്തൊഴിലാളികൾ എല്ലാവർക്കും ധനസഹായം നൽകി കഴിഞ്ഞോ; ഏതെങ്കിലും മത്സ്യത്തൊഴിലാളികൾക്ക് ഇത് ലഭിക്കാത്തതായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (ബി) | പ്രളയസമയത്ത് ജനങ്ങളുടെ ജീവൻ രക്ഷിച്ച മത്സ്യത്തൊഴിലാളികൾക്ക് 3000/- രൂപ വീതം ഓണറേറിയം പ്രഖ്യാപിച്ചിരുന്നുവെങ്കിലും മത്സ്യത്തൊഴിലാളികളും അവരുടെ സംഘടനകളും ടി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള മത്സ്യത്തൊഴിലാളികളുടെ സംഭാവനയായി കണക്കാക്കാൻ ആവശ്യപ്പെടുകയാണുണ്ടായത്. |
| (സി) | മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നടപ്പിലാക്കിവരുന്ന പാർപ്പിട പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (സി) | തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് ഫിഷറീസ് വകുപ്പ് നിലവിൽ നടപ്പിലാക്കുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം | പദ്ധതി ഘടകങ്ങൾ | വകയിരുത്തിയ തുക ലക്ഷത്തിൽ |
|---|---|---|
| 1 | 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും CRZ അനുവദനീയമായ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് | 4800.00 |

| | | |
|---|---|---|
| | ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ വീതം ധനസഹായം | |
| 2 | 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം 10 ലക്ഷം രൂപ | 7500.00 |
| 3 | തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 |
| 4 | 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 ഫ്ലാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം | 2000.00 |
| | **ആകെ** | **15000.00** |

2016-17 ൽ കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനായി 10 ലക്ഷം രൂപ നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 118 പേർ സ്ഥലം വാങ്ങുകയും 78 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഭൂരഹിത ഭവന രഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യത്തിനായി സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകുന്നതിന് 2016-17 ൽ നടപ്പിലാക്കിയ പദ്ധതി പ്രകാരം 592 പേർ സ്ഥലം വാങ്ങിയിട്ടുണ്ട്. 2017-18 ലെ പദ്ധതി പ്രകാരം 314 പേർ സ്ഥലം രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2016-17, 2017-18 എന്നീ വർഷങ്ങളിലായി 1024 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും ഭവന നിർമ്മാണം നടത്തുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പാർപ്പിട പദ്ധതികൾക്ക് ലഭിക്കുന്ന തുകയുടെ വിശദാംശവും നടപ്പിലാക്കുന്ന ഏജൻസികളുടെ വിവരങ്ങളും നൽകുമോ? | (ഡി) | പ്രസ്തുത പദ്ധതിയ്ക്ക് സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നാണ് തുക വിനിയോഗിക്കുന്നത്. പദ്ധതി ഫിഷറീസ് വകുപ്പ് നേരിട്ടാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ